II- ഇ.ബി. XII കേരള നിയമസഭ/ VIII-15

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ജൂലായ് 15, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

50 (*451) ജസ്റ്റീസ് പുഞ്ചി കമ്മീഷൻ.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, 1980-കളുടെ മധ്യത്തിൽ നിയമിക്കപ്പെട്ട സർക്കാരിയ കമ്മീഷൻ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച് സൂക്ഷ്മമായ വിശകലനം നടത്തിയിരുന്നുവെന്നും സർക്കാരിയ കമ്മീഷന് ശേഷം കഴിഞ്ഞ രണ്ട് ദശാബ്ദമായി രാജ്യത്തുണ്ടായിട്ടുള്ള സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങൾ കണക്കിലെടുത്ത് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് സമഗ്രമായി പഠിച്ച് ഉചിതമായ നിർദ്ദേശങ്ങളും പരിഹാരങ്ങളും സമർപ്പിക്കുന്നതിനായി മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റീസായിരുന്ന ജസ്റ്റീസ് മദൻമോഹൻ പുഞ്ചി അദ്ധ്യക്ഷനും ധീരേന്ദ്ര സിംഗ്, വിനോദ്കുമാർ ദുഗ്ഗൽ, ഡോ. എൻ.ആർ. മാധവമേനോൻ, ഡോ.അമരേഷ് ബക്ഷി എന്നിവർ അംഗങ്ങളായും ഒരു കമ്മീഷനെ കേന്ദ്രസർക്കാർ നിയമിക്കുകയുണ്ടായിയെന്നും സഭയെ അറിയിച്ചു. പ്രസ്തുത കമ്മിഷൻ നിയമിക്കപ്പെട്ടിട്ട് ഇപ്പോൾ ഒരു വർഷമായി. 27-4-2009-ൽ കാലാവധി അവസാനി

ക്കുന്ന പ്രസ്തുത കമ്മീഷന്റെ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുനരവ ലോകനം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരി നോട് ആവശ്യപ്പെടുന്നതാണ്. ഈ കമ്മീഷൻ രൂപം കൊടുത്ത വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തി കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പ്രാധാന്യം അർഹി ക്കുന്ന കാലിക പ്രശ്നങ്ങളും മുഖ്യ വിഷയങ്ങളിലുള്ള സംസ്ഥാന ഗവ ണ്മെന്റിന്റെ അഭിപ്രായ നിർദ്ദേശങ്ങളും കാഴ്ചപ്പാടുകളും കമ്മീഷൻ ആവശ്യ പ്പെടുകയുണ്ടായി. അതനുസരിച്ച് ആസൂത്രണ ബോർഡിന്റെയും വിവിധ വകുപ്പുകളുടെയും അഭിപ്രായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വിശദമായ റിപ്പോർട്ട് ആദ്യപടിയായി സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായമായി കമ്മിഷന് നൽകിയിട്ടുണ്ട്. വിഷയ നിർദ്ദേശങ്ങൾക്കു പുറമേ കമ്മീഷൻ രൂപം കൊടുത്ത കരട് പ്രശ്നാവലിയും അന്തിമ പ്രശ്നാവലിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ബന്ധപ്പെട്ട എല്ലാവർക്കും അഭിപ്രായത്തിന് അയ ച്ചുകൊടുത്തിരുന്നു. സംസ്ഥാന ഗവണ്മന്റിന് ഈ രേഖ ലഭ്യമായിട്ടുണ്ട്. പ്രശ്നാവലിയിൽ പരാമർശിക്കുന്ന വിഷയത്തിന്മേൽ വിവിധ വകുപ്പുകളുടെ അഭിപ്രായ നിർദ്ദേശങ്ങൾ ആരാഞ്ഞിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തന്നെ സർക്കാരിന്റെ വിശദമായ അഭിപ്രായ നിർദ്ദേശങ്ങൾ കമ്മീഷനെ അറിയിക്കു ന്നതായിരിക്കും. സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കു വേണ്ടിയുള്ള നിർദ്ദേശങ്ങൾക്ക് റിപ്പോർട്ടിൽ ഊന്നൽ നൽകുന്നതാണ്. സംസ്ഥാന ഗവണ്മെന്റിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം കേന്ദ്രം കൈവശ പ്പെടുത്തിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. 1996-കളിൽ അന്നത്തെ കേരള മുഖ്യമന്ത്രിയും പശ്ചിമബംഗാൾ മുഖ്യമന്ത്രിയും മുൻകയ്യെടുത്ത് ഇൻഡ്യയിലെ എട്ടൊമ്പത് സംസ്ഥാന മുഖ്യമന്ത്രിമാർ ചേർന്ന് സംസ്ഥാ നങ്ങൾക്ക് നൽകിക്കൊണ്ടിരുന്ന 25 ശതമാനം വിഹിതം 50 ശതമാനമെങ്കിലും

ആക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അക്കാര്യത്തിൽ കാര്യമായ പരിഗണന ഉണ്ടായിട്ടില്ല. ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരുടെ എണ്ണം സംസ്ഥാനത്ത് നിലനിന്നിരുന്നതിനേക്കാൾ വെട്ടിക്കുറയ്ക്കു കയാണ് ചെയ്തിരിക്കുന്നത് സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കി ലെടുത്ത് ദേശീയ പദ്ധതികൾ വിഭാവന ചെയ്യുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യവും നാനോ ടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ ശാഖകളിലെ വികസന സാധ്യതകൾ കണക്കിലെടുത്ത് അതു മായി ബന്ധപ്പെട്ട പദ്ധതികൾ സംസ്ഥാന ഗവണ്മെന്റുകൾക്കായി നീക്കിവ യ്ക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്ന കാര്യവും പരിഗണിക്കുന്ന താണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കാനായി സംസ്ഥാനത്തിന്റേതായ നോംസ് രൂപീകരിക്കാനുള്ള അവസരം നൽകണ മെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്നതിനായി വേണ്ട കാര്യങ്ങളെല്ലാം ചെയ്യു ന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

51 (*452 & *478) <u>മൽസ്യ കയറ്റുമതി</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, 2002-03 മുതൽ 2006-07 വരെയുള്ള 5 വർഷക്കാലയളവിൽ കേരളത്തിൽ നിന്നും പ്രതിവർഷം ശരാശരി 1216 കോടി രൂപയുടെ മൽസ്യസമ്പത്താണ് കയറ്റി അയച്ചതെന്ന് സഭയെ അറിയിച്ചു. സി.എം.എഫ്.ആർ.ഐ. കണക്കനുസരിച്ച് കഴിഞ്ഞ 5 വർഷക്കാലത്തെ കേരളത്തിലെ മൽസ്യ ഉൽപ്പാദനവും എം.പി.ഇ.ഡി.എ.യുടെ കണക്കനുസരിച്ചുള്ള കയറ്റുമതിയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

സി.എം.എഫ്.ആർ.ഐ. കണക്കുകൾ

| വർഷം | ഉൽപ്പാദനം (ടണ്ണിൽ) |
|---|---|
| 2002 | 589519 |
| 2003 | 623293 |
| 2004 | 616839 |
| 2005 | 536215 |
| 2006 | 591902 |

എം.പി.ഇ.ഡി.എ. കണക്കുകൾ

| വർഷം | വിപണനം (ടണ്ണിൽ) |
|---|---|
| 2002-03 | 81393 |
| 2003-04 | 76631 |
| 2004-05 | 87378 |
| 2005-06 | 97311 |
| 2006-07 | 108617 |
| 2007-08 | 99211 |

മരവിപ്പിച്ച ചെമ്മീൻ, കൂന്തൽ, കണവ, ഉണക്ക മൽസ്യം, ജീവനുള്ള മൽസ്യം, ചിൽഡ് ഐറ്റം, മരവിപ്പിച്ച മൽസ്യം, മറ്റിനം എന്നിവയാണ് കയറ്റുമതി ചെയ്യുന്നത്. മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുക, മൽസ്യ വിപണനം ത്വരിതപ്പെടുത്തുക, മൽസ്യത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വിവിധ നടപടികൾ സംസ്ഥാന സർക്കാരും എം.പി.ഇ.ഡി.എ.യും സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യമേഖലയിലുള്ള മൽസ്യസംസ്ക്കരണ ശാലകൾ, പീലിംഗ് ഷെഡ്ഡുകൾ എന്നിവ യൂറോപ്യൻ യൂണിയൻ നിഷ്ക്കർഷിക്കുന്ന നിബന്ധനകൾക്കനുസൃതമായി വിപുലീകരിക്കുന്നതിനും കയറ്റുമതി പ്രാധാന്യമുള്ള മൽസ്യചെമ്മീൻ ഇനങ്ങളുടെ ഉൽപ്പാദന വർദ്ധനവിനും, മൽസ്യബന്ധനം, അലങ്കാര മൽസ്യകൃഷി എന്നിവ

പ്രോൽസാഹിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും, സമുദ്രോൽപ്പന്നങ്ങളുടെ ഗുണമേന്മാവർദ്ധനവിനും കയറ്റുമതി ലക്ഷ്യമാക്കിയുള്ള മാർക്കറ്റിംഗിനും പ്രോൽസാഹനം നൽകുന്നതിന് വിവിധ സബ്സിഡി സ്കീമുകളും എം.പി.ഇ.ഡി.എ. നടപ്പിലാക്കി വരുന്നു. മൽസ്യ/ചെമ്മീൻ കർഷകർക്ക് മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി എഫ്.എഫ്.ഡി.എ./ബി.എഫ്.എഫ്.ഡി.എ./ അഡാക്ക് എന്നീ ഏജൻസികൾ വഴി സബ്സിഡി സ്കീമുകൾ നടപ്പിലാക്കുന്നു. അലങ്കാര മൽസ്യങ്ങളുടെ ഉൽപ്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് പങ്കാളിത്തമുള്ള ഒരു പബ്ളിക്ക് പ്രൈവറ്റ് കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മൽസ്യ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഫിഷറീസ് വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മൽസ്യകയറ്റുമതി ലക്ഷ്യമിട്ട് ട്യൂണ തുടങ്ങിയ മൽസ്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ തീരക്കടലിൽ പ്രവർത്തിക്കുന്ന കുറച്ചു യാനങ്ങളെ ആഴക്കടൽ മൽസ്യബന്ധനത്തിന് പ്രാപ്തമാക്കുന്നതിനായുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മൽസ്യഫെഡ് വഴി ഡോറിഫിഷിംഗ് പദ്ധതി നടപ്പിലാക്കുന്നു.

മൽസ്യ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂറോപ്യൻ യൂണിയൻ നിലവാരത്തിനനുസരിച്ചുള്ള ശുചിത്വം പാലിച്ചുകൊണ്ടുള്ള മൽസ്യബന്ധന തുറമുഖങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

അലങ്കാര മൽസ്യങ്ങളുടെ ഉൽപ്പാദനവും കയറ്റുമതിയും ലക്ഷ്യമിട്ട് അക്വാടെക്നോളജി പാർക്ക് കൊച്ചിയിൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ അരൂർ ഉൾപ്പെട്ട പ്രദേശം സ്പെഷ്യൽ എക്കണോമിക് സോണായി പ്രഖ്യാപിച്ച് അതനുസരിച്ചുള്ള നവീകരണപ്രക്രിയകൾ നടന്നുവരുന്നു.

കയറ്റുമതി പ്രാധാന്യം മുന്നിൽക്കണ്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് നളപാകം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ എം.പി.ഇ.ഡി.എ.യുടെ സഹായത്തോടെ ആധുനിക സജ്ജീകരണങ്ങളുള്ള ഒരു പ്രീപ്രോസസിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വികരിച്ചുവരുന്നു.

ഉൾനാടൻ മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 'മൽസ്യകേരളം' പദ്ധതി നടപ്പിലാക്കിവരുന്നു.

കൊച്ചിയിലുള്ള മൽസ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്നും ഇപ്പോൾ യൂറോപ്പിതര രാജ്യങ്ങളിലേയ്ക്കാണ് കയറ്റുമതി നടത്തുന്നത്. കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് യൂറോപ്യൻ യൂണിയന്റെ കൂടി അംഗീകാരം പ്ലാന്റിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജപ്പാനിലേയ്ക്കും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും സഷ്മിഗ്രേഡ് ട്യൂണ കയറ്റുമതി വർദ്ധിപ്പിക്കുവാൻ കൊച്ചിയിലുള്ള കയറ്റുമതി വികസന അതോറിറ്റിയുടെ സഹകരണത്തോടെ സഷ്മിഗ്രേഡ് ട്യൂണ ടെർമിനൽ കൊച്ചിയിലെ മൽസ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. 2012-ഓടുകൂടി 4 ബില്യൻ ഡോളറിന്റെ മൽസ്യ കയറ്റുമതി ലക്ഷ്യമിട്ടാണ് എം.പി.ഇ.ഡി.എ. പ്രവർത്തിക്കുന്നത്. ഇതിനായി എം.പി.ഇ.ഡി.എ. വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇപ്പോഴുള്ള കാലാവസ്ഥയുടെയും തൊഴിൽ സംവിധാനങ്ങളുടേയും പ്രത്യേകതകൾക്കനുസരിച്ച് പരമാവധി സംരക്ഷണം മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്. ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത തൊഴിലാളികൾക്ക് മൽസ്യബന്ധനം നട ത്താൻ നിയമസഭ പാസ്സാക്കിയ നിയമത്തിലൂടെ അനുവാദം നൽകിയിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകളിൽ തൊഴിലിലേർപ്പെടുന്നവർക്ക് 47 ദിവസ

ത്തേയ്ക്ക് സൗജന്യറേഷൻ കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അലങ്കാര മൽസ്യ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുഖ്യ മന്ത്രി ചെയർമാനായി ഒരു സംയുക്തസംരംഭമെന്ന നിലയ്ക്ക് ഒരു കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. നോഡൽ ഏജൻസിയായുള്ള പ്രോജക്ട് പ്രിപ്പറേഷന് ഗ്ലോബൽ ടെണ്ടർ വിളിച്ചു. ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. വരുന്ന ജനുവരി മാസത്തിനുള്ളിൽ അലങ്കാര മൽസ്യ കയറ്റുമതിയിൽ സംസ്ഥാനത്തിന് പങ്കു വഹിക്കാൻ കഴിയും. കയറ്റുമതി ചെയ്യുന്ന മൽസ്യത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന തിനായി ഹാർബറുകൾ നവീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ബേപ്പൂർ ഫിഷിംഗ് ഹാർബർ, നീണ്ടകര എന്നിവ ഹൈജീനിക് ആക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സുനാമിയുടെ വരവിനുശേഷം മൽസ്യ സമ്പത്തിന്റെ അളവ് കുറഞ്ഞതായിട്ടുള്ള നിഗമനങ്ങൾ ശരിയല്ലെന്ന അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ഇതിനായി സൂക്ഷ്മമായ ഒരു പഠനം ആവശ്യമാണ്. ഡബ്ളിയു. ടി.ഒ. കരാറിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള സബ്സിഡി പോർഷനെ സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റ് ആരാഞ്ഞതിനെത്തുടർന്ന് കേരളത്തിലെ തീരദേശത്തുള്ള ഫിഷറീസ് സെക്ടറിലെ മുഴുവൻ ട്രേഡ് യൂണിയൻ നേതാക്കന്മാരേയും വിളിച്ച് ചർച്ച ചെയ്യുകയും സബ്സിഡി നിർത്തൽ ചെയ്യാൻ പാടില്ലെന്നുള്ള അഭിപ്രായം കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അമോണിയ കലർത്തിയ മൽസ്യം ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഗവണ്മെന്റ് സന്നദ്ധമാണ്. ആഗോളതലത്തിൽ ഒരു മൽസ്യമേള സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സെന്റർ ഓഫ് എക്സലൻസായി ഇൻഡ്യാ ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള അരൂർ

കയറ്റുമതി കേന്ദ്രത്തിൽ 105 പ്രോസസ്സിംഗ് പ്ളാന്റുകളാണുള്ളത്. അതിൽ 62 പ്ളാന്റുകൾക്ക് യൂറോപ്യൻ യൂണിയൻ അംഗീകാരമുണ്ട്. ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള ആഭ്യന്തര ഉൽപ്പാദനം സംസ്ഥാനത്ത് വർദ്ധിച്ചിട്ടില്ല. രണ്ട് ലക്ഷം ടൺ ഉൾനാടൻ മൽസ്യ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് പ്ളാന്റുകളുടെ യൂട്ടിലൈസേഷൻ മാക്സിമം ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹാർബറുകളിൽ ശീതീകരണ പ്ളാന്റുകൾ സ്ഥാപിക്കുന്ന കൂട്ടത്തിൽ വിഴിഞ്ഞം ഹാർബറിനേയും പരിഗണിക്കുന്നതാണ്. പതിനായിരം ഹെക്ടർ സ്ഥലത്ത് ആറ്റുകൊഞ്ച്, ഞണ്ട് എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ഒരു പ്രത്യേക പ്രോജക്ടാണ് 'മൽസ്യ കേരളം' പദ്ധതിയിലൂടെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ളത്. മൽസ്യ കൃഷിക്കാർക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സബ്സിഡി കൊടുത്താണ് ഇത് നടപ്പാക്കുന്നത്. കേരളത്തിലെ പശ്ചാത്തല സൗകര്യം കണക്കിലെടുത്ത് ആറ്റുകൊഞ്ച് വൻതോതിൽ വർദ്ധിപ്പിക്കാനും അത് പ്രയോജനപ്പെടുത്താനുമുള്ള ഒരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ചി ട്ടുണ്ട്. 2006--ലെ കേരള മൽസ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴി ലാളികളുടേയും ക്ഷേമ സെസ്സ് നിയമം നടപ്പിലാക്കുന്നതിനായി അസസ്സിംഗ് ഓഫീസർമാരെ നിയോഗിച്ചു കഴിഞ്ഞു. ഇതനുസരിച്ചുള്ള നികുതി ഈടാക്കു ന്നതിനായി പ്രത്യേകം പ്രൊഫോർമ പ്രിന്റ് ചെയ്ത് പൂർത്തിയായിട്ടുണ്ട്. ആഗസ്റ്റ് മാസം മുതൽ സെസ്സ് നിയമമനുസരിച്ചുള്ള നടപടികൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്നതാണ്. ഉപരിതല മൽസ്യസംരക്ഷണ ത്തിനുവേണ്ടി പ്രകൃതിദത്തമായ സംരക്ഷണം നിയമപരമായി ഉറപ്പാക്കു

ന്നതാണ്. കാസർകോട്, കണ്ണൂർ എന്നീ ജില്ലകളിൽ മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള മാസ്റ്റർ പ്ളാൻ തയ്യാറായിക്കഴിഞ്ഞു. വരുന്ന ഒരു മാസത്തിനുള്ളിൽ എല്ലാ ജില്ലകളിലും അത് തയ്യാറാക്കാൻ കഴിയും. അക്വാടെക്നോളജി പാർക്കിനെ ഒരു സാറ്റലൈറ്റ് സെന്ററായി പരി ഗണിക്കുന്ന കാര്യം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു ത്തരമായി മന്ത്രി വ്യക്തമാക്കി.

52 (*453) <u>അരിവിഹിതം പുന:സ്ഥാപിക്കുന്നതു സംബന്ധിച്ച ഉറപ്പ്</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, കേരളത്തിനുള്ള അരി വിഹിതം വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും നേരിട്ട് കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രിക്ക് നിവേദനം നൽകുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം (കേരള ത്തിൽ നിന്നുള്ള എം.പി.-മാർ ഉൾപ്പെടെ) പ്രധാനമന്ത്രിയേയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയേയും നേരിൽ കണ്ട് നിവേദനങ്ങൾ നൽകുകയും ചെയ്തി ട്ടുണ്ടെന്നും സഭയെ അറിയിച്ചു. വെട്ടിക്കുറച്ച ഭക്ഷ്യധാന്യങ്ങൾ പുന:സ്ഥാപിക്കുക എന്ന കാര്യത്തിൽ പ്രധാനമന്ത്രിയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയും ഉറപ്പൊന്നും നൽകിയിട്ടില്ല. കേരളത്തിലെ ജനങ്ങളുടെ മൗലികാവകാശമെന്ന രീതിയിൽ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടും വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിച്ചിട്ടില്ല. റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതിൽ സംസ്ഥാന ത്തിന്റെ നിരന്തരമായ ഇടപെടൽ പരിഗണിച്ച് താൽക്കാലികമായി 2008 മേയ്,

ജൂൺ മാസങ്ങളിൽ 10,000 മെട്രിക്ടൺ വീതവും 2007 ആഗസ്റ്റിൽ 21,000 മെട്രിക് ടണ്ണും 2007 ഡിസംബറിൽ 10,000 മെട്രിക് ടണ്ണും 2008 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 10,000 മെട്രിക്ടൺ വീതവും സ്പെഷ്യൽ ക്വാട്ടയായി അനുവദിച്ചു. ഏപ്രിൽ 2007-ൽ 113420 മെട്രിക് ടൺ അലോട്ട്മെന്റ് ഉള്ളതിൽ എ.പി.എൽ. വിഭാഗത്തിന് 96364 മെട്രിക് ടൺ അരി (അതായത് 85%) വെട്ടിക്കുറച്ചു. ഓണക്കാലത്ത് അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ വിഹിതം വർദ്ധിപ്പിക്കാനായി മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് നിവേദനം കൊടുത്തിട്ടുണ്ട്. കേന്ദ്രത്തിൽ അരിയുടെ സ്റ്റോക്ക് പരിശോധിച്ച ശേഷം കേരളത്തെ അറിയിക്കാമെന്നാണ് മറുപടി തന്നിട്ടുള്ളത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകൾ കേന്ദ്രീകരിച്ച് വിപുലമായ കമ്പോളങ്ങൾ ഓണക്കാലത്ത് സ്ഥാപിക്കുന്നതാണ്. ഇതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ 2600-ൽപ്പരം ഔട്ട്ലെറ്റുകൾ ഓപ്പൺ ബസാറുകളായി കൺവെർട്ട് ചെയ്യുന്നതായിരിക്കും. ഇടുക്കി ജില്ലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് പുതിയ ലാഭം സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും ഒന്നിലധികം മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യം അനുസരിച്ച് പ്രായോഗികമായി നടപ്പാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. അരി കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് എഫ്.സി.ഐ.-യെക്കൊണ്ട് അത് പ്രൊക്യൂർ ചെയ്യിപ്പിക്കേണ്ട അധികാരം കേന്ദ്ര ഗവണ്മെന്റിനുണ്ട്. പശ്ചിമബംഗാളിൽ നിന്ന് സിവിൽ സപ്ളൈസ് കോർപ്പറേഷൻ

മുഖേന അരി കൊണ്ടുവരാനുള്ള നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്. റേഷൻകടകൾ വഴി നല്ല ഇനം അരി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടയാനായി ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ സ്ഥിരമായി 14 ജില്ലകളിലും കമ്പോളങ്ങൾ റെയ്ഡ് ചെയ്യാനുള്ള സംവിധാന ങ്ങളുണ്ടാക്കിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു

(നക്ഷത്രചിഹ്നമിട്ട 454 മുതൽ 477 വരെയും 479 മുതൽ 480 വരെയു മുള്ള (26) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3793 മുതൽ 3965 വരെ യുള്ള ചോദ്യങ്ങളിൽ 142 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)